തിരുവനന്തപുരം TB മീറ്റിലെ ടാബെക്സ് കൗണ്ടർ. സൗമ്യമധുര പുഞ്ചിരിയോടെ തന്റെ ആദ്യ നോവൽ കൈയൊപ്പിട്ടു തന്നെ അംഗങ്ങൾക്ക് നേരിൽ നൽകുന്ന യുവ ബാങ്കർ. സ്നേഹവും, പരസ്പര വിശ്വാസവും, സമഭാവേനയുള്ള ജീവിത രീതിക്കും, അധികാരത്തിനും, വളരെയേറെ മൂല്യ ച്യുതി സംഭവിച്ചു കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിൽ, മനുഷ്യ കുലത്തിന്റെ രക്ഷയ്ക്ക് സ്വജീവൻ തന്നെ ശാസ്ത്ര പരീക്ഷണത്തിന് സമർപ്പിക്കാൻ തയ്യാറായ കഥാപാത്രങ്ങളും, അതിലുപരി മിത്തും ശാസ്ത്രവും ഇഴ കോർത്തിണക്കിയ "ഹലൈഖാസി" എന്ന തന്റെ പ്രഥമ നോവലുമായി നമുക്ക് മുന്നിലെത്തിയ ഈ യുവ ബാങ്കർ ആകട്ടെ ഈ ആഴ്ചയിലെ ദളം.

അഞ്ജിത്ത് I K
ബാങ്ക് ഓഫ് ഇന്ത്യ
റീട്ടെയിൽ ബാങ്കിംഗ് സെന്റർ
തിരുവനന്തപുരം.

കെ എസ് ആർ ടി സിയിൽ നിന്നും വിരമിച്ച കുഞ്ഞുനാരായണൻ നായരുടെയും, വീട്ടമ്മയായ ഇന്ദിരയുടെയും 2 മക്കളിൽ ഇളയ ആളായി തിരുവനന്തപുരം ജില്ലയിൽ കരിക്കകം എന്ന നഗര ഗ്രാമത്തിൽ ജനിച്ചു. ഹയർ സെക്കൻഡറി അധ്യാപിക ആയ മൂത്ത സഹോദരി അർച്ചനയും, ഭർത്താവ് സെക്രട്ടറിയേറ്റിൽ ഡെപ്യൂട്ടി സെക്രട്ടറി ആയ ശ്രീകുമാറും സകുടുംബം തിരുവനന്തപുരത്ത് വസിക്കുന്നു.

സ്കൂൾ - കോളജ് പഠനം സ്വദേശമായ തിരുവനന്തപുരത്ത് ആയിരുന്നു. സെന്റ് റോചേസ് സ്കൂളിൽ പ്രീ പ്രൈമറി വിദ്യാഭാസം. അവിടെ നിന്നും അഞ്ചാം ക്ലാസ്സിൽ സെന്റ് ജോസഫ് സ്കൂളിലേക്ക്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വരെ അതേ വിദ്യാലയത്തിൽ പഠിച്ച ശേഷം തിരുവനന്തപുരം എം.ജി കോളേജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദവും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കേരളയിൽ നിന്ന് എം ബി എ യും കരസ്ഥമാക്കി.

പഠനകാലശേഷം തിരുവനന്തപുരത്ത് തന്നെയുള്ള ടൈം എന്ന സ്ഥാപനത്തിൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ആയി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഒരു കൊല്ലത്തോളം അവിടെ ജോലി നോക്കിയശേഷം തെർമോ പെൻപോൾ എന്ന മറ്റൊരു കമ്പനിയിൽ ജോലിചെയ്യവേ ബാങ്ക് പ്രവേശന പരീക്ഷ പാസായി. ഏഴോളം ബാങ്കുകളിൽ പ്രൊബേഷണറി ഓഫീസർ ആയി തിരഞ്ഞെടുക്കപ്പെട്ടു. അതിൽ നിന്നും ബാങ്ക് ഓഫ് ഇന്ത്യ തിരഞ്ഞെടുത്ത ശേഷം 2012 ആഗസ്റ്റിൽ ബാംഗ്ലൂരിൽ ബാങ്കിംഗ് ജീവിതത്തിന് തുടക്കം കുറിച്ച്, 2017-ൽ കേരളത്തിൽ മടങ്ങി എത്തി. തിരുവനന്തപുരം ജില്ലയിലെ വിവിധ ശാഖകളിൽ ജോലി നോക്കിയ ശേഷം ഇപ്പൊൾ ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം സോൺ റീറ്റെയ്ൽ ബിസിനസ്സ് സെന്ററിൽ സീനിയർ മാനേജർ ആയി ജോലി

ചെയുന്നു .

ഭാര്യ ഹരിത ഹരിഹരൻ ഒരു സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ആണ് . സ്‌പൈസി സ്കൂപ് എന്ന കുക്കിംഗ് ചാനൽ ഹോബി ആയി ചെയ്യുന്നു. തന്റെ എല്ലാവിധ സാഹിത്യപ്രവർത്തനങ്ങൾക്കും അകമഴിഞ്ഞ് പിന്തുണ നൽകുന്ന ഹരിതയെ കുറിച്ച് പറയുമ്പോൾ അഞ്ജിത്തിൻറെ വാക്കുകളിൽ സ്നേഹം നിറഞ്ഞു.

ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയായ ആദ്രിക ഏക മകൾ .

സ്കൂൾ കാലഘട്ടം മുതൽ പ്രസംഗം , പദ്യപാരായണം, സംവാദം , ഉപന്യാസ രചന, ഏകാഭിനയം, നാടകം തുടങ്ങി എല്ലാത്തിലും പങ്കെടുത്ത് ഒട്ടറെ സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട് . നാട്ടിൽ എവിടെ ഒരു മത്സരത്തിന് സാധ്യത ഉണ്ടെങ്കിലും അവിടെ എല്ലാം പോയി തന്റെ പ്രതിഭയുടെ മാറ്റുരക്കുന്ന ആ പരിശ്രമങ്ങളിൽ ലൈബ്രറി കൗൺസിൽ കലോത്സവങ്ങളിലും , എൻ എസ് എസ് , കേരള കൗമുദി കലോത്സവം തുടങ്ങി ഒട്ടേറെ വർഷങ്ങളിൽ വിവിധ ഇനങ്ങളിൽ മത്സരിച്ചു അനേകം സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട് . സ്കൂൾ വേദികളിലും ജില്ലാ - സംസ്ഥാന വേദികളിലും നാടകം , പ്രസംഗം എന്നിവയിലും സജീവ പങ്കാളിത്തമായിരുന്നു .സംസ്ഥാന കേരള യൂണിവേഴ്സിറ്റി കലോത്സവ വേദികളിലും സ്കിറ്റ് , പ്രസംഗം എന്നിവയിൽ പങ്കെടുത്തിട്ടുണ്ട് . ഗാന്ധി കലോത്സവത്തിൽ പലതവണ നല്ല സ്കിറ്റിനും സമ്മാനം കരസ്ഥമാക്കി . പ്രൊഫഷണൽ നാടക വേദികളിലേക്ക് ക്ഷണം ലഭിച്ചുവെങ്കിലും, പല കാരണങ്ങളാൽ അതിനു തയ്യാറായില്ല .

സ്കൂൾ കാലഘട്ടത്തിൽ നാഷണൽ കേഡറ്റ് കോർപ്സിലെ പ്രവർത്തനം ഭാവിയിലെ നേതൃപാടവത്തിന് ഏറെ സഹായകരമായി.

ചെറുലേഖനങ്ങളും, കവിതകളുമായി വിദ്യാഭാസ കാലഘട്ടത്തിൽ എഴുതി തുടങ്ങിയ സാഹിത്യ ജീവിതം കേരള കൗമുദി വാരികയിൽ അച്ചടിച്ച് വന്ന 'ഓർമ' എന്ന ചെറു കവിതയിൽ നിന്നും "ഹാലൈഖാസി" എന്ന പ്രഥമ നോവലിന്റെ പ്രസിദ്ധീകരണത്തിന്റെ മൂന്നാം പതിപ്പിൽ എത്തിനിൽക്കുന്നു.

സ്കൂൾ തലം മുതൽ തുടർച്ചയായ വേദികളിൽ കോംപൈറിങ് ചെയ്തിരുന്ന അഞ്ജിത്, 2008 ൽ നടന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ (IIFK ) ഔദ്യോഗിക അവതാരകരിൽ ഒരാളായി പ്രവർത്തിക്കുകയും ചെയ്തു.

ശബ്ദഗാംഭീര്യവും, ഉച്ചാരണ സ്ഫുടതയും കൈമുതൽ ആയിരുന്നതിനാലാകാം , വലുതും ചെറുതുമായ മുന്നൂറോളം വേദികളിൽ അവതാരകനായി പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്.

സാമൂഹിക മാധ്യമങ്ങളിലും സജീവമാണ്. ആനുകാലിക പ്രസക്തിയുള്ള പല വിഷയങ്ങളിലും തന്റേതായ ശൈലിയിൽ അഭിപ്രായങ്ങൾ ഇൻസ്റ്റാഗ്രാം,ഫേസ്ബുക്ക് പേജുകൾ വഴി പങ്കുവയ്ക്കാറുണ്ട് . Anjis blog, vista of my book world എന്നീ ബ്ലോഗ് / ഇൻസ്റ്റാ ഐഡിയിലും അഞ്ജിത്ത് സജീവം.

അഞ്ജിത്തും ഭാര്യ ഹരിതാ ഹരിഹരനും ചേർന്ന് കോവിഡ് ലോക്ക്ഡൗൺ കാലഘട്ടത്തിൽ കുറച്ച് അധികം ഷോർട്ട് വീഡിയോസ് ചെയ്യുകയും സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. രസകരമായ ആ വീഡിയോകൾക്കും മികച്ച പ്രതികരണം ആണ് ലഭിച്ചത് .

ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷന്റെ കഴിഞ്ഞ രണ്ടു ഘട്ടങ്ങളിലെ ത്രൈവാർഷിക സമ്മേളനങ്ങളിലെ തീം സോങ്ങ് ആയി അവതരിപ്പിച്ചത് അഞ്ജിത്ത് എഴുതിയ ഗാനമാണ് .

കലാപ്രവർത്തനങ്ങളോടൊപ്പം , ബാങ്കിംഗ് സംഘടന പ്രവർത്തനങ്ങളും നടത്തുന്ന അഞ്ജിത്ത് ഇപ്പോൾ ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷൻ, കേരള ഘടകത്തിന്റെ സംസ്ഥാന അധ്യക്ഷനായി പ്രവർത്തിക്കുന്നു. ഒരു മികച്ച പ്രാസംഗികൻ, എഴുത്തുകാരൻ, എന്നതിലുപരി വേറിട്ട കാഴ്ചപ്പാടും, ശൈലിയും ദുർഘടമായ പ്രശ്നങ്ങളെ തന്മയത്വത്തോടുകൂടി കൈകാര്യം ചെയ്യുവാനുള്ള കാര്യശേഷിയും കൂടെയുള്ളവർക്ക് പ്രിയപ്പെട്ടവൻ ആക്കുന്നു. പല കാര്യങ്ങളിലുമുള്ള നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ എന്നും തന്റേതായ സംഭാവനകളായി ഉണ്ടാകാറുണ്ട് . അത്തരം ആശയങ്ങൾ തന്നെയാണ് അഞ്ജിത്തിനെ കൂടെയുള്ളവർക്ക് പ്രിയങ്കരൻ ആക്കുന്നത്. ഒപ്പം ലളിതമായ പെരുമാറ്റവും .

ഹലൈഖാസി എന്ന പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് ഉടൻ പുറത്തിറക്കാനുള്ള പരിശ്രമത്തിലാണ് ഇപ്പൊൾ .

ടാലന്റഡ് ബാങ്കേഴ്സിൽ വൈകിയാണ് എത്തിയത് എങ്കിലും, ഇക്കഴിഞ്ഞ തിരുവനന്തപുരം TB മീറ്റ് വഴി അഞ്ജിത് മിക്കവർക്കും സുപരിചിതൻ ആയി കഴിഞ്ഞിരിക്കുന്നു. തന്റെ ആദ്യ പുസ്തകം പ്രകാശനം ചെയ്യുവാൻ വേദി ഒരുക്കി തന്ന TB യോടും, ഇരു കൈയും നീട്ടി ആ പുസ്തകം വാങ്ങാൻ മുൻകൈ എടുത്ത TB അംഗങ്ങളോടും അഞ്ജിത്തിന് അകമഴിഞ്ഞ നന്ദി.

എഴുത്തിൽ വേറിട്ട കാഴ്ചപ്പാടുകളും, ശൈലിയും പിന്തുടരുന്ന, സൗമ്യത മുഖ മുദ്രയാക്കിയ ഈ എളിയ കലാകാരന്റെ ഭാവി സ്വപ്നങ്ങൾ പൂവണിയുവാൻ TB കുടുംബത്തിന്റെ എല്ലാവിധ ആശംസകളും, പിന്തുണയും നേരുന്നു.

---

Article by : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

The TabEx Counter at Thiruvananthapuram TB Meet; With a pleasant and charming smile, a young banker and debut novelist was personally handing over signed copies of his first book to the fellow members.

At a time when values such as love, trust, equality, and integrity often seem to fade, his debut novel “Halaikhasi” brings to life to characters who dedicate their very existence for the betterment of humanity, seamlessly blending elements of myth and science.

This week’s Talented Banker of the Week is a banker by profession and a writer by passion.

Anjith I. K.
Bank of India
Retail banking Centre
Thiruvananthapuram.

Born in Karikkakom, Thiruvananthapuram, Anjith is the younger son of Kunjunarayanan Nair, a retired KSRTC employee and Indira a homemaker. His elder sister Archana, a higher secondary school teacher, resides in Thiruvananthapuram with her husband Sreekumar, Deputy Secretary at the Secretariat, and their family.

Anjith completed his entire education in Thiruvananthapuram — from pre-primary at St. Roch’s School to higher secondary at St. Joseph’s School, followed by a Bachelor’s degree in Mathematics from M. G. College, Thiruvananthapuram and an MBA from the Institute of Management Kerala (IMK).

He began his career as a Marketing Executive at TIME Institute, Thiruvananthapuram, and later worked with Thermo Penpol. After successfully clearing multiple bank entrance examinations, he was selected as a Probationary Officer in seven banks. Choosing Bank of India, he commenced his banking career in Bengaluru in August 2012.

In 2017, Anjith returned to Kerala and has since served in various branches across Thiruvananthapuram district. He currently holds the position of Senior Manager at the Retail Business Centre, Thiruvananthapuram Zone.

His wife Haritha Hariharan is a social-media influencer who runs a popular cooking channel titled Spicy Scoop. Anjith credits her for being a constant source of encouragement in all his literary

and creative endeavours. The couple's daughter Adhrika is a first-grade student.

From his school days, Anjith actively participated in elocution, recitation, debate, essay writing, mono-act, and drama, winning numerous prizes. He participated in various Library Council Festivals, NSS events, and Kerala Kaumudi Kalotsav competitions.

He also took part in the Kerala University Youth Festival for skit and elocution. Although he received invitations to join professional theatre, he couldn't pursue it due to many reasons .

His involvement in the National Cadet Corps (NCC) during school helped cultivate strong leadership and discipline.

Anjith's interest in writing began during his student years, when his first poem, Orma (Memory), was published in Kerala Kaumudi Weekly. His debut novel Halaikhasi has since reached its third edition — a notable achievement for a first-time author.

A gifted compère, Anjith has hosted over three hundred events, ranging from local cultural programmes to large-scale public functions. A highlight of his journey was serving as one of the official presenters at the International Film Festival of Kerala (IFFK) in 2008. His clear diction and resonant voice have made him a sought-after master of ceremonies.

Active on social media, Anjith regularly shares insights and reflections through his pages and blogs — Anji's Blog and Vista of My Book World. During the COVID-19 lockdown, he and his wife created a series of short humorous videos that gained wide appreciation online.

Anjith also penned the theme songs for the last two All India Bank Officers' Confederation (AIBOC) triennial conferences.

Alongside his professional and creative pursuits, Anjith is actively involved in Association leadership. He currently serves as the State President of the Bank of India Officers' Association (Kerala Unit).

Known for his eloquence, empathy, and innovative thinking, he is widely respected for handling complex issues with calmness and clarity. His approachable nature and balanced leadership style have earned him great admiration among colleagues and peers.

Anjith is now preparing to release the English edition of Halaikhasi.

Though a recent member of the Talented Bankers community, the Thiruvananthapuram TB Meet quickly made him a familiar and admired presence. Anjith expresses his heartfelt gratitude to TB for providing the platform to launch his debut work and to all members for their encouragement and support.

With his unique perspective, refined literary style, and unwavering humility, Anjith continues to inspire. TB family wishes him all the best for his future endeavours.